ഉത്തരം

(എ) 17-2-2000 വരെ 1, 68, 500 രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം	-	15, 000 രൂപ
കൊല്ലം	-	8, 000 രൂപ
ആലപ്പുഴ	-	22, 000 രൂപ
കോട്ടയം	-	8, 500 രൂപ
എറണാകുളം	-	32, 000 രൂപ
തൃശ്ശൂർ	-	24, 000 രൂപ
പാലക്കാട്	-	27, 000 രൂപ
കോഴിക്കോട്	-	13, 000 രൂപ
കണ്ണൂർ	-	7, 000 രൂപ
കാസർഗോഡ്	-	12, 000 രൂപ

(ബി) ആലപ്പുഴ ജില്ലയിൽ അനുവദിച്ച തുക വിതരണം നടത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തുക വിതരണം ചെയ്യുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കി കഴിഞ്ഞു.

ശ്രീ. മാധവമേനോൻ നൽകിയ പെയിന്റിംഗുകളുടെ വില നൽകാൻ നടപടി

12 (1208) പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിലെ ചിത്രകാരൻ ശ്രീ. മാധവമേനോൻ നല്കിയ പെയിന്റിംഗുകളുടെ വില നൽകുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) ശ്രീ. മാധവമേനോന് ലഭിക്കാനുള്ള തുക എപ്പോൾ ലഭ്യമാക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കൊടുങ്ങല്ലൂരിലെ ചിത്രകാരൻ അന്തരിച്ച മാധവമേനോൻ നല്കിയ പെയിന്റിംഗുകൾ 1 ലക്ഷം രൂപ വിലയ്ക്കു വാങ്ങുവാൻ ജി.ഒ.(എം.എസ്) 58/99/സിഎഡി തീയതി 17-12-1999 പ്രകാരം മ്യൂസിയം മൃഗശാല വകുപ്പു ഡയറക്ടർക്ക് ഉത്തരവു നല്കിയിട്ടുണ്ട്. അതിൻപ്രകാരം പ്രസ്തുത തുക മാധവമേനോന്റെ വിധവ ശ്രീമതി ഗൗരിക്കുട്ടിയമ്മയ്ക്ക് നല്കുന്നതിനുള്ള നടപടികൾ മ്യൂസിയം മൃഗശാലാവകുപ്പ് ഡയറക്ടർ കൈക്കൊണ്ടിട്ടുണ്ട്.

കേരള കലാമണ്ഡലത്തെ ഡീംഡ് സർവ്വകലാശാലയാക്കാൻ നടപടി

13 (1209) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള കലാമണ്ഡലത്തെ ഒരു കൽപ്പിത സർവ്വകലാശാലയായി (ഡീംഡ് യൂണിവേഴ്സിറ്റി) മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള കലാമണ്ഡലം ഒരു കല്പിത സർവ്വകലാശാല (ഡീംഡ് യൂണിവേഴ്സിറ്റി) ആക്കണമെന്ന് സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരും യൂണിവേഴ്സിറ്റി ഗ്രാന്റ് സ് കമ്മീഷനുമാണ്.

അംഗീകാരമില്ലാത്ത അൺ എയിഡഡ് സ്കൂൾ മാനേജർമാരുടെയും അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും നിവേദനങ്ങൾ

14 (1211) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത അൺ എയിഡഡ് സ്കൂളുകളിലെ മാനേജർമാരുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനങ്ങളിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) അംഗീകാരമില്ലാത്ത സ്കൂളുകളിൽ വച്ചുതന്നെ കുട്ടികളെ വാർഷിക പരീക്ഷയെഴുതിക്കാനും വിദ്യാർത്ഥികൾക്ക് ടി.സി. നൽകാനും അനുവാദം നൽകണ മെന്നതായിരുന്നു ആവശ്യം.

(സി&ഡി) 1999-2000 അദ്ധ്യയന വർഷം മുതൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ വച്ചുതന്നെ കുട്ടികളെ വാർഷികപ്പരീക്ഷയെഴുതിക്കാൻ അനുവാദം നൽകേണ്ടതില്ല എന്ന് പത്രക്കുറിപ്പുകൾ സർക്കാർ പ്രസിദ്ധീകരിച്ചിരുന്നു. ഈ സാഹചര്യത്തിൽ നിവേദനങ്ങളിലെ ആവശ്യത്തിൻമേൽ പ്രത്യേക നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) കെ.ഇ.ആർ. പ്രകാരം 4-ാം സ്റ്റാൻഡേർഡുവരെ പ്രൈവറ്റ് സ്റ്റഡി അനുവദിക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ.82/98/പൊ.വി.തീയതി : 6-1-1998 പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകളിൽ 4, 5, 6 ക്ലാസ്സുകളിൽ പ്രൈവറ്റ് സ്റ്റഡിയായി പഠിക്കുന്ന കുട്ടികൾക്ക് അടുത്തുള്ള സർക്കാർ/എയിഡഡ് സ്കൂളുകളിൽ വാർഷികപ്പരീക്ഷയ്ക്കിരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly